**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5301** **12-08-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റ് എതിർപ്പുകളും മൂലം ഏതെങ്കിലും വ്യവസായ പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭ്യമാകാതെയും, മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ അനുമതി ലഭിക്കാതെയും, വിവിധ കാരണങ്ങളാൽ പരിസരവാസികളുടെ എതിർപ്പ് കാരണവും ചില സംരംഭങ്ങൾ നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഇത്തരത്തിൽ വ്യവസായ സംരംഭകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാരവുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പരാതി പരിഹാര സെൽ രൂപീകരിക്കു ന്നതിനുള്ള നിയമ നിർമ്മാണം പരിഗണനയിലാണ്. |
| (ബി) | വിവിധ വ്യവസായ സംരംഭങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനം വ്യവസായ സൗഹൃദം ആക്കുന്നതിനും വ്യവസായ സംരംഭങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതി നുമായി 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാകുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടൽ ആയി കെ-സിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേക്ക് സംസ്ഥാന നിയമ പ്രകാരം ഉള്ള ലൈസൻസുകൾ സ്വയം സാക്ഷ്യ പ്പെടുത്തൽ വഴി മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വ ത്തിൽ ഒരു കാൾ സെന്റർ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും ഉള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | കൽപ്പറ്റ നിയോജകമണ്ഡലത്തിൽ എന്തെങ്കിലും വ്യവസായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലുള്ള സംരംഭങ്ങളുടെ (MSME) പ്രോത്സാഹനത്തിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന പൊതുവായ പദ്ധതികൾ അല്ലാതെ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ പ്രത്യേക വ്യവസായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നില്ല. എന്നാൽ കിൻഫ്രയുടെ കീഴിൽ കാർബൺ ന്യൂട്രൽ പാർക്ക്, കാർഷികാധിഷ്ഠിത മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പാർക്ക് എന്നീ വ്യവസായ പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ